സർക്കാരിന് പ്രത്യേകിച്ച് ലാഭം ഉണ്ടാകുന്നില്ല. ഹോർട്ടികോർപ്പ് പച്ചക്കറികൾ സംഭരിക്കുന്ന വിലയേക്കാൾ കുറഞ്ഞനിരക്കിൽ വിപണനം നടത്തുന്നതിനാൽ നിലവിൽ ലാഭം ലഭിക്കുന്നില്ല.

(സി) സർക്കാർ നിയന്ത്രണത്തിലുള്ള 6 കാർഷിക മൊത്ത വ്യാപാര വിപണികളിലും, 5 ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങളിലും കർഷകർ ഉല്പാദിപ്പിക്കുന്നതും ആരോഗ്യത്തിന് ഹാനികരമല്ലാത്തതുമായ പച്ചക്കറികളാണ് വിപണനം നടത്തുന്നത്. വി.എഫ്.പി.സി.കെ.-യുടെ അംഗങ്ങളായുള്ള കർഷകരുടെ കൂട്ടായ്മയായ സ്വാശ്രയ കർഷക സംഘങ്ങൾ മുഖാന്തിരമാണ് പച്ചക്കറികൾ കൃഷി ചെയ്യുന്നതും, വിപണനം നടത്തുന്നതും, "സേഫ് ടു ഈറ്റ്" തത്വമനുസരിച്ച് രാസകീടനാശിനികളുടെയും, രാസവളങ്ങളുടെയും ഉപയോഗം ഒഴിവാക്കി, പരമാവധി ജൈവകൃഷി മുറകൾ അനുവർത്തിച്ച് ഗുണമേന്മയുള്ള പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ ഒരു ജില്ലാ സംഭരണ വിപണന കേന്ദ്രം കോടൻതുരുത്തിൽ പ്രവർത്തിക്കുന്നുണ്ട്. വി.എഫ്.പി.സി.കെ.-യുടെ 12 വിപണികൾ തഴക്കര, ആറന്മാട്, താമരക്കുളം, ചെറിയനാട്, വെൺമണി, മാരാരിക്കുളം, വളളിക്കുന്നം, ചേർത്തല സൗത്ത്/കരപ്പുറം, എടത്വാ, രാമങ്കിരി, പളളിപ്പുറം/ തൈക്കാട്ടുശ്ശേരി, പളളപ്പാട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ഹോർട്ടികോർപ്പിന്റെ 2 സംഭരണ വിപണന കേന്ദ്രങ്ങൾ ആലപ്പുഴയിലും മാവേലിക്കരയിലും പ്രവർത്തിക്കുന്നുണ്ട്.

കാർഷിക ഉൽപ്പന്നങ്ങളുടെ വിലനിലവാരത്തിൽ ഓരോ ദിവസവും മാറ്റം ഉണ്ടാകുന്നു. കൊടൻതുരുത്ത് ജില്ലാ സംഭരണ കേന്ദ്രത്തിലും, വി.എഫ്.പി.സി.കെ.-യുടെ സ്വാശ്രയ വിപണികളിലും ലേലത്തിലൂടെയാണ് വില നിശ്ചയിച്ച് വിപണനം നടത്തുന്നത്. സമീപത്തുള്ള വിവിധ വിപണികളുടെ വില താരതമ്യപ്പെടുത്തിയാണ് അടിസ്ഥാന വില നിശ്ചയിക്കുന്നത്.

കേരഫെഡിലെ അഴിമതി

185 (1555) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കൊപ്ര സംഭരണത്തിന് സ്വകാര്യ കമ്പനിയുമായി കേരഫെഡ് കരാർ ഉണ്ടാക്കിയിരുന്നോയെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരഫെഡിലെ അഴിമതി ആരോപണം സംബന്ധിച്ച് വിജിലൻസ് നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ വെളിപ്പെടുത്താമോ ;

(സി) ക്രമക്കേട് നടത്തിയതായി കണ്ടെത്തിയവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കൊപ്ര സംഭരണത്തിന് സ്വകാര്യ കമ്പനിയുമായി കേരഫെഡ് കരാർ ഉണ്ടാക്കിയിട്ടില്ല.

(ബി&സി) കേരഫെഡിൽ 2013-14 വർഷം മുതൽ പച്ചത്തേങ്ങ സംഭരിച്ചതും കൊപ്ര ഡ്രയർ വാങ്ങിച്ചതുമായി ബന്ധപ്പെട്ട അഴിമതി ആരോപണം സംബന്ധിച്ച് കൃഷി വകുപ്പിലെ സ്പെഷ്യൽ വിജിലൻസ് സെൽ അന്വേഷണം ആരംഭിച്ചിട്ടുണ്ട്. അന്വേഷണം പൂർത്തിയാകാത്തതിനാൽ ക്രമക്കേട് നടത്തിയവരെ കണ്ടെത്തിയിട്ടില്ല.

കീടനാശിനി വിമുക്ത പഴങ്ങളും പച്ചക്കറികളും

186 (1556) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കീടനാശിനി വിമുക്ത കൃഷി വ്യാപകമാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന പദ്ധതികൾ വിശദമാക്കാമോ ;

(ബി) കീടനാശിനി കലർന്ന പഴങ്ങളും പച്ചക്കറികളും അന്യസംസ്ഥാനത്ത് നിന്നും ഇറക്കുമതി ചെയ്യുന്നത് തടയുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ ; ഇതിനായി എന്തൊക്കെ നടപടികളാണ് ഇപ്പോൾ നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) ഇറക്കുമതി ചെയ്യുന്ന പഴങ്ങളുടേയും പച്ചക്കറികളുടേയും ഗുണനിലവാരം പരിശോധിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ് ; വ്യക്തമാക്കുമോ ;

(ഡി) ഇറക്കുമതി ചെയ്യുന്ന ഏതൊക്കെ സാധനങ്ങളിലാണ് മാരകമായ അളവിൽ കീടനാശിനിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly